# 'പ്രാർത്ഥന കേട്ടുത്തരമരുളുന്ന ദൈവം'

സങ്കീർത്തനങ്ങൾ 86:6–7

''യഹോവേ, എന്റെ പ്രാർത്ഥനയെ ചെവിക്കൊള്ളേണമേ. എന്റെ യാചനകളെ ശ്രദ്ധിക്കേണമേ. നീ എനിക്കുത്തരമരുളുകയാൽ എന്റെ കഷ്ടദിവസത്തിൽ ഞാൻ നിന്നെ വിളിച്ചപേക്ഷിക്കുന്നു.''

വിശ്വാസിയെ, നിന്റെ ജീവിതത്തിൽ നിനക്ക് നിന്റെ പ്രാർത്ഥനയെ കേൾക്കുന്ന ഒരു ദൈവം ഉള്ളതിനായിട്ട് ആദ്യമേ അവനെ സ്തുതിക്കാം.

എന്നാൽ നിന്റെ ജീവിതത്തിൽ ചില അവസരങ്ങളിലെങ്കിലും നിനക്ക് തോന്നിയിട്ടില്ലേ എന്റെ ദൈവം എന്റെ പ്രാർത്ഥന കേൾക്കുന്നില്ല അല്ലെങ്കിൽ അവൻ എന്നെ കൈവിട്ടു കളഞ്ഞു എന്നൊക്കെ. ശരിക്കും അവൻ നിന്നെ കൈവിടുന്ന ഒരു ദൈവമാണോ? മറ്റൊരു തരത്തിൽ പറഞ്ഞാൽ അവൻ നിന്റെ പ്രാർത്ഥനയെ തള്ളിക്കളയുന്ന ദൈവമാണോ? ഈ ചോദ്യം നീ ഒന്ന് നിന്റെ മനസ്സിൽ ചോദിച്ചു അതിനെയൊന്ന് വിചിന്തനം ചെയ്തു നോക്കിയാൽ സത്യത്തിൽ അവൻ നമ്മുടെ ദൈവമാകകൊണ്ട് നമ്മുടെ ഏതൊരു അവസ്ഥയെയും നന്നായി അറിയുകയും നിനക്ക് വേണ്ടതെന്തെന്ന് നീ ചോദിക്കുന്നതിലും നിനക്കുന്നതിലും ഉപരിയായി നിനക്ക് നൽകുകയും ചെയ്യുന്ന ദൈവമാണെന്നു കാണുവാൻ കഴിയും. എങ്കിൽ പിന്നെ ഈ ദൈവം എന്റെ പ്രാർത്ഥന കേൾക്കുന്നില്ല എന്നു തോന്നാൻ കാരണമെന്താകും? അതിനുള്ള ഉത്തരം നാം തന്നെയാണ്.

റോമർ 8:28 ൽ ഇപ്രകാരം വായിക്കുന്നു, ''എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കും, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കും തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു''. എങ്കിൽ അവന്റെ നിർണ്ണയപ്രകാരം വിളിക്കപ്പെട്ട വർക്ക് അവൻ സകലവും നന്മയ്ക്കായിട്ടേ വരുത്തൂ. പക്ഷെ, അത് നാം നിനയ്ക്കുന്നതു പോലുള്ള ഒരു തരത്തിലായിരിക്കില്ല അവൻ നമുക്ക് മറുപടി നൽകുന്നത്. അങ്ങനെയാകു മ്പോൾ നമുക്ക് തിരഞ്ഞെടുക്കുവാൻ രണ്ടു വഴികളാണു മുൻപിലുള്ളത്. ഒന്നുകിൽ അവൻ എനിക്കായ് ഒരുക്കിയിരിക്കുന്നത് സകലതും നന്മയ്ക്കാണെന്ന് വിശ്വസിച്ച് അവനെ പിൻപറ്റാം. അല്ലെങ്കിൽ അവനെ പൂർണ്ണമായി ഉപേക്ഷിച്ച് നമ്മുടെ വഴികളിൽ ആശ്രയിക്കാം. നാം ഇന്ന് ഇതിൽ ഏത് തിരഞ്ഞെടുക്കും?

നമ്മുടെ വിശ്വാസത്തെ പരീക്ഷിപ്പാൻ സാത്താൻ പല പദ്ധതികളും ഒരുക്കിവയ്ക്കും. അങ്ങനെയുള്ള അവസരങ്ങളിലാണ് ദൈവം ഒരു വിശ്വാസിയുടെ യഥാർത്ഥ വിശ്വാസത്തെ ഏറ്റവും കൂടുതൽ അളക്കുന്നത്. നമ്മുടെ ജീവിതത്തിൽ സകലവും ആനുകൂലമാകുമ്പോൾ

മാത്രമാണോ നാം ദൈവത്തെ ആശ്രയിക്കുന്നത് അതോ സകലവും പ്രതികൂലമാകുമ്പോഴും നിന്റെ പ്രതിസന്ധികളുടെ മധ്യത്തിൽ നീ ഈ ദൈവത്തിൽ പൂർണ്ണ ആശ്രയം വയ്ക്കുന്നുണ്ടോ?

സങ്കീർത്തനം 139:13 ൽ കാണുന്നതുപോലെ നമ്മുടെ ആന്തരംഗങ്ങളെ നിർമ്മിച്ചവനും നമ്മെ അമ്മയുടെ ഉദരത്തിൽ നിർമ്മിച്ചവനുമായ ദൈവം നിന്റെ പ്രാർത്ഥന കേൾക്കുക മാത്രമല്ല അതിന്മേലുള്ള ഉത്തരവും/വിടുതലും നിനക്ക് നൽകുകയും ചെയ്യും.

മത്തായി 10:30 ൽ പറയുന്നു, ''നിന്റെ തലയിലെ ഓരോ രോമവും എണ്ണപ്പെട്ടിരിക്കുന്നു.'' നിന്റെ കിടപ്പും നടപ്പും ശോധന ചെയ്ത് നിന്റെ വഴികളൊക്കെയും അവൻ മനസ്സിലാക്കുന്നു. നീ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും അവൻ അറിയുന്നു. നിന്റെ നിരൂപണം അവൻ ദൂരത്തുനിന്ന് ഗ്രഹിക്കുന്നു. അങ്ങനെയെയെങ്കിൽ നീ പ്രാർത്ഥിക്കുമ്പോൾ നിനക്ക് വേണ്ടതെന്തെന്ന് അവൻ അറിയുകയും അത് നിനക്ക് അവന്റെ പദ്ധതിപ്രകാരം നടപ്പാക്കി തരുകയും ചെയ്യും.

1യോഹന്നാൻ 5:14 ഉം സങ്കീർത്തനം 37:4 ഉം കൂട്ടിച്ചേർത്ത് വായിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കും എന്നുള്ള ധൈര്യം സംഭരിക്കാൻ നാം അവനിൽതന്നെ എന്നും രസിച്ചുകൊള്ളുവാനായിട്ട് സങ്കീർത്തകൻ നമ്മോട് ആഹ്വാനം തരുന്നു. നമ്മുടെ ഹൃദയം അവനിൽ രസിക്കുമ്പോൾ നാം അവന്റെ ഹിതം തിരയുന്നവരും അതറിഞ്ഞ് അവ പ്രവർത്തിക്കുന്നവരും ആയിത്തീരും.

ഇന്നു മുതൽ അവന്റെ വചനങ്ങൾ വായിച്ച്, അതിൽ ഉറച്ച്, അത് നിവൃത്തിക്കുന്നവരും അതുമൂലം അവന്റെ ഹിതം തിരയുന്നവരും, ആ ഹിതം നമ്മിൽ നിറവേറാൻ അവന്റെ സമയത്തിനായി കാത്തിരിക്കുന്നവരും ആകാം. അവൻ നമ്മെ ഒരുനാളും തള്ളിക്കളയുകയില്ല. അവൻ നമ്മുടെ പിതാവാം ദൈവമാകുന്നു. മക്കൾക്ക് യഥാസമയം എന്തു വേണമെന്ന് ആരെക്കാളും നന്നായി പിതാവ് അറിയുന്നു. അങ്ങനെയെങ്കിൽ ആ പിതാവിന്റെ അരുമ മക്കളായി അവന്റെ ദാനങ്ങൾ അനുഭവിക്കാൻ നമുക്ക് ഒരുങ്ങാം.

പരാമർശം :

ലൂക്കോസ്11:13

അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവു തന്നോടു യാചിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും.

ബ്രദർ ബിനു ബേബി ആലപ്പുഴ 06